**പതിനാലാം കേരള നിയമസഭ**

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1829 **05.10.2016**-ലെ മറുപടിക്ക്

<u>പട്ടികജാതി പട്ടികവർഗ്ഗ കോളനികളിലെ പണി പൂർത്തീകരിക്കാത്ത വീടുകൾ</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.ഡി. പ്രസേനൻ** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗ കോളനികളിൽ വിവിധ കാരണങ്ങളാൽ പണി പൂർത്തീകരിക്കാത്ത വീടുകൾ ഉള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | അത്തരം വീടുകൾ കണ്ടെത്തി, പണിപൂർത്തീകരിച്ച് വാസയോഗ്യമാക്കാനുള്ള അടിയന്തര നടപടികൾ സ്വീകരിക്കാൻ കഴിയുമോ എന്ന് വ്യക്തമാക്കുമോ? | (ബി) | പട്ടികജാതിക്കോളനികളിൽ പണി പൂർത്തീകരിക്കാതെ അവശേഷിക്കുന്ന വീടുകൾക്ക് സ്പിൽ ഓവർ പദ്ധതി പ്രകാരം പണി പൂർത്തീകരിക്കുന്ന മുറയ്ക്ക് നിലവിലെ ഓരോ ഗഡുവിനും ആനുപാതികമായി പുതുക്കിയ നിരക്കിൽ തുക നൽകി വരുന്നു. പട്ടികവർഗ്ഗ കോളനികളിൽ 6 വർഷക്കാലം കഴിഞ്ഞതും നിലവിൽ നിർമ്മാണം പൂർത്തിയാകാത്തതുമായ വീടുകൾ വാസയോഗ്യമാംവിധം പൂർത്തീകരിക്കുന്നതിനായി പരമാവധി 1,00,000/- (ഒരു ലക്ഷം രൂപ) വരെ അനുവദിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ